പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 196 4/10/2011 ൽ മറുപടിയ്ക്ക്

## വയോമിത്രം പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. പി.എ. മാധവൻ:
ശ്രീ. എം.എ.വാഹീദ് :
ശ്രീ. വി.പി. സജീന്ദ്രൻ:

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനമായ മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത് |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പ്വരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടാതെ വയോജനങ്ങൾക്കാവശ്യമായ കൗൺസലിംഗ്, ദൈനംദിന ജീവിതത്തിൽ ആവശ്യമായി വരുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക എന്നിവയാണ് ഇതിന്റെ മററ് ലക്ഷ്യങ്ങൾ |
| (സി ഈ പദ്ധതിയ്ക്കായി എത്ര തുക നീക്കിവെച്ചിരിക്കുന്നുവെന്ന് അറിയിക്കാമോ; | (സി) വയോമിത്രം പദ്ധതിയുടെ ഒരു വർഷത്തെ ചെലവുകൾക്കായി 3,21,58,000/- രൂപ ചെലവാകുമെന്ന് കണക്കാക്കിയിരിക്കുന്നു. ഈ തുക ഇപ്പോൾ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ